**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 684** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പരിശീലന പരിപാടികളും ഇന്റേൺഷിപ്പും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം പരിശീലന പരിപാടികളും ഇന്റേൺഷിപ് പദ്ധതികളുമാണ് നടത്തിവരുന്നത് എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വിദ്യാഭ്യാസപരമായി ഏറെ മുന്നോട്ട് വന്ന പട്ടിക വിഭാഗക്കാരുടെ എണ്ണം വർദ്ധിക്കുന്നതിനൊപ്പം, അവർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗം സ്വായത്തമാക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനുമായി നിരവധി പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

പട്ടിക വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് ആധുനിക സ്വകാര്യ തൊഴിൽ മേഖലകളിൽ കൂടി പട്ടിക വിഭാഗ യുവതീ-യുവാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ഓട്ടോമൊബൈൽ, ഏവിയേഷൻ, ഡിജിറ്റൽ മീഡിയ, ടൂറിസം & ഹോസ്പിറ്റാലിറ്റി, പ്ലാസ്റ്റിക് പ്രോഡക്ട് മാനുഫാക്ച്ചറിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നൽകി വരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഈ പദ്ധതികൾ പ്രകാരം ഉറപ്പാക്കുന്നുണ്ട്.

വകുപ്പിന് കീഴിലെ ഐ.റ്റി.ഐ. കളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് വിജ്ഞാനകേരളം ഉന്നതി പദ്ധതി മുഖേന തൊഴിൽ പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. കൂടാതെ ഐ.റ്റി.ഐ കളിൽ നിലവിൽ പഠനം നടത്തി വരുന്ന പരിശീലനാർത്ഥികൾക്ക് പഠനത്തോടൊപ്പം OJT(On the Job Training)-ൽ ഇന്റേൺഷിപ്പ് നൽകി വരുന്നുണ്ട്.

പട്ടിക വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾ പ്രാപ്തരാക്കുന്നതിനു സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് TRACE (Training for Career Excellence) വിവിധ പഠന മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെ തന്നെയും മറ്റു വകുപ്പുകളുടെയും പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിനും കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാക്കുന്നതിനും കഴിയുന്നു. എൻഞ്ചിനീയറിംഗ്, മെഡിക്കൽ, നിയമം, സോഷ്യൽ വർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ക്ലറിക്കൽ അസിസ്റ്റന്റ്, അക്രഡിറ്റഡ് എൻജിനീയർ/ ഓവർസീയർ ലീഗൽ അസിസ്റ്റന്റ്സ്, ലീഗൽ അസിസ്റ്റന്റ്സ്, ജേണലിസം ട്രെയിനി, മാനേജ്മെന്റ് ട്രെയിനി, നഴ്സിംഗ് /പാരാ മെഡിക്കൽ അപ്രന്റീസ് എന്നിങ്ങനെ പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെയാണ് പരിശീലനത്തിന് നിയോഗിക്കുന്നത് .

**(ബി)** പ്രസ്തുത വിദ്യാർത്ഥികൾക്കായി പ്രത്യേകം തൊഴിൽ മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ?

**മറുപടി:** TRACE പദ്ധതി പ്രകാരം രണ്ട് വർഷത്തെ പരിശീലനം പൂർത്തിയാക്കിയ അക്രഡിറ്റഡ് എൻജിനീയർ/ ഓവർസിയർമാർക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ടി വകുപ്പ് തൊഴിൽ മേള സംഘടിപ്പിച്ചിരുന്നു. കൂടാതെ വകുപ്പിന് കീഴിലെ ഐ.റ്റി.ഐ കളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക തൊഴിൽ മേളകൾ വകുപ്പ് തലത്തിൽ നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**